മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നമ്പർ: NREGA/200/2021-D1 തീയതി : 20-03-2025

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - IEC പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന FAQ – സംബന്ധിച്ച്.

1. SHG വർക്ക് ഷെഡ്ഡുമായി ബന്ധപ്പെട്ട് മെറ്റിരിയൽസ് ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയും, മെറ്റീരിയൽ തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് തടസ്സമുണ്ടോ?
   വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് മാത്രമാണ് ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകാൻ കഴിയുന്നത്.
2. മെറ്റീരിയൽ വർക്കുകളിൽ ഷട്ടർ, വൈബ്രേറ്റർ മുതലായ സാധനങ്ങൾക്ക് വാടക ഇനത്തിൽ തുക നൽകുവാൻ സാധിക്കുമോ?
   a. സെക്യുറിൽ വാടക നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. നടപടിക്രമം പാലിച്ച് തെരഞ്ഞെടുത്ത വെണ്ടർക്ക് തുക നൽകാവുന്നതാണ്.
3. ഒരു പഞ്ചായത്തിൽ ജോബ് കാർഡ് ഉള്ള PMAY ഗുണഭോക്താവ് വീട് നിർമ്മിക്കുന്നത് മറ്റൊരു പഞ്ചായത്തിൽ ആകുന്ന സാഹചര്യത്തിൽ 90 തൊഴിൽ ദിനം ആ ജോബ് കാർഡിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് അനുവദിക്കാമോ? അതോ വീട് നിർമ്മിക്കുന്ന പഞ്ചായത്തിലെ തൊഴിലാളികൾ തന്നെ നല്കണമെന്നുണ്ടോ?
   PMAY ആനുകൂല്യ വിഹിതം ഏത് പഞ്ചായത്താണോ നൽകുന്നത്, അതെ രീതിയിൽ ടി പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുടെ ആനുകൂല്യവും നൽകണം.
4. മറ്റൊരു പഞ്ചായത്തിൽ താമസിക്കുന്നയാളും നമ്മുടെ പഞ്ചായത്തിൽ സ്ഥലമുള്ളതുമായ വ്യക്തിയുടെ പറമ്പിൽ തൊഴിലുറപ്പ് പ്രവർത്തികൾ ഏറ്റെടുത്തു നടത്തുവാൻ സാധിക്കുമോ?
   a. വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കില്ല.
5. ഒരു വ്യക്തിയുടെയും കുടുംബത്തിന്റെയും എല്ലാ രേഖകളിലും അഡ്രസ്സ് പഞ്ചായത്തിലും, എന്നാൽ അയാൾ കുടുംബ സമേതം വിദേശത്തും ആണെങ്കിൽ അയാൾക്ക് തൊഴിൽ കാർഡ് അനുവദിക്കാൻ ആകുമോ?
   a. ഗ്രാമീണ മേഖലയിലെ സ്ഥിരം താമസക്കാരൻ ആണെന്ന് Registration officer - ക്ക് ഉറപ്പ് ഉണ്ടെങ്കിൽ ആണ് തൊഴിൽ കാർഡ് അനുവദിക്കേണ്ടത് .
6. തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ എന്ന പ്രവൃത്തി പാര (5)-ൽ പെട്ട ആളുകൾക്ക് ഗവണ്മെന്റ് ജീവനക്കാരുടെ പറമ്പ് പാട്ടത്തിനു എടുത്ത് ചെയ്യാൻ സാധിക്കുമോ?
   a. വ്യക്തിഗത പ്രവൃത്തികൾ യോഗ്യരായ ഗുണഭോക്താവിന്റെ ഭൂമിയിൽ മാത്രമേ ചെയ്യാൻ പാടുള്ളൂ.
7. 10 ആളുകൾ ഉള്ള ഒരു ഗ്രൂപ്പിൽ ഒരു തൊഴിലാളി മാത്രം അളവ് പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അയാൾക്ക് മാത്രം വേതനം കുറച്ച് നൽകാൻ സാധിക്കുമോ?
   a. ഇല്ല. ഗ്രൂപ്പിന്റെ അളവാണ് കണക്കാക്കുന്നത്.
8. സെമി-സ്കിൽഡ് മേറ്റ് ഉള്ള പ്രവൃത്തികളിൽ ആ മേറ്റ് ലീവ് ആണെങ്കിൽ ആ ദിവസം നിൽക്കുന്ന മേറ്റ് പണി എടുക്കേണ്ടതുണ്ടോ?
   a. മേറ്റ് ലീവ് ആണെങ്കിൽ നിലവിൽ ഉള്ള തൊഴിലാളികളിൽ ഒരാളെ വർക്കിംഗ് മേറ്റായി നിർത്താവുന്നതാണ്.

9. ഒരു വർഷം തന്നെ ഒരേ ഭൂമിയിൽ വ്യത്യസ്ത എസ്റ്റിമേറ്റിൽ ഉള്ള പ്രവർത്തികൾ ഏറ്റെടുക്കുവാൻ സാധിക്കുമോ?
    a. ഒരു ഭൂമിയിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയിൽ ചെയ്യാൻ കഴിയുന്ന മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അതിൽ ഏറ്റവും കൂടുതൽ തുക ഉൾപെട്ടു വരുന്ന ഇനത്തിന്റെ proposed status തിരഞ്ഞെടുത്തു വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ.
10. സൊസൈറ്റികൾ, സ്വകാര്യ കമ്പനികൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിയുടെ ഭൂമിയിൽ തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുക്കാമോ?
    a. കഴിയില്ല.
11. ശുചിത്വ കേരളവുമായി ബന്ധപ്പെട്ട പ്രവർത്തികൾ (സോക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ) APL ഗുണഭോക്താക്കൾക് അനുവദിക്കാൻ പറ്റുമോ?
    a. തൊഴിലുറപ്പ് പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള സർക്കുലറിൽ പരാമർശിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആസ്തികൾ നൽകേണ്ടത്.
12. തൊഴിലാളികൾക്ക് Half day leave അനുവദിക്കാൻ സാധിക്കുമോ ?
    a. ഇല്ല
13. മെറ്റീരിയൽ പ്രവർത്തികളിൽ സിമൻറ് ബാഗിന്റെ മുകളിൽ പ്രിന്റ് ചെയ്ത മാക്സിമം റിറ്റൈൽ പ്രൈസ് നൽകാൻ പറ്റുമോ?
    a. Legal Metrology (Packaged Commodities) Rules 2011 പ്രകാരം സിമന്റ് ഉൾപ്പെടെ പായ്ക്ക് ചെയ്ത സാധനങ്ങൾക്ക് നൽകാവുന്ന പരമാവധി തുകയാണ് എം.ആർ.പി.
14. നിലവിൽ MIS-ൽ ഓരോ വർക്കിനും upper limit ഉണ്ട്. Playground-ന് നിലവിൽ 10 ലക്ഷം രൂപയാണ് upper limit. Roofing ഇട്ട് ഒരു ബാഡ്മിന്റൺ കോർട്ട് ചെയ്യാനായി ഈ limit തികയുകയില്ല. തന്മൂലം എസ്റ്റിമേറ്റ് ചുരുക്കേണ്ടിവരുന്ന അവസ്ഥയ്ക്ക് ഒരു പരിഹാരം നിർദേശിക്കാമോ?
    a. കേന്ദ്ര സർക്കാരാണ് എം.ഐ.എസ്-ൽ അപ്പർ ലിമിറ്റ് ഫിക്സ് ചെയ്തിട്ടുള്ളത്. ടി ലിമിറ്റിനു പുറത്ത് വരുന്ന ബാക്കി തുക മറ്റ് വിഭവ സ്രോതസ്സിൽ നിന്ന് കണ്ടെത്തി ചെയ്യേണ്ടതാണ്.
15. PMAY-G വീടുകളുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ്, എം-ബുക്ക് എന്നിവ തയ്യാറാക്കേണ്ടത് ആയിട്ടുണ്ടോ?
    a. ഇല്ല.
16. പ്രവൃത്തി നടക്കുമ്പോൾ വയ്ക്കുന്ന ബോർഡ് സാമൂഹ്യ വിരുദ്ധർ നശിപ്പിക്കുകയോ മഴ, അമിതമായ നീരൊഴുക്ക് എന്നിവ മൂലം നശിക്കുകയോ ചെയ്താൽ ആയത് ബാധ്യത ആയി കണക്കാക്കുമോ? ആണെങ്കിൽ ആർക്കാണ് ബാധ്യത?
    a. സ്ഥാപിക്കുന്ന ബോർഡിന്റെ ചെലവിന് അനുസൃതമായ ഗുണമേന്മ ബോർഡിന് ഉണ്ടാവണം. ഇത്തരം ഗുണമേന്മ ഇല്ലാത്തതിനാൽ നശിക്കുന്ന ബോർഡിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ്. സാമൂഹ്യ വിരുദ്ധർ ബോർഡ് നശിപ്പിക്കുന്ന സാഹചര്യം ഉണ്ടായാൽ, പൊതു ആസ്തികൾ നശിപ്പിക്കപ്പെടുമ്പോൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കുന്ന സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.
17. പുതിയതായി അനുവദിക്കുന്ന റേഷൻ കാർഡുകൾ മിക്കതും പൊതുവിഭാഗമാണ്. ബി.പി.എൽ പരിധിയിൽ വരുന്നവയുമാണ്. ബി.പി.എൽ റേഷൻ കാർഡ് അല്ല എന്നതിനാൽ വ്യക്തിഗത ആനുകൂല്യം നൽകുന്നത് ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ മാർ

സാക്ഷ്യപത്രം നൽകണം?

a. തൊഴിലുറപ്പ് പദ്ധതിയിൽ Mahatma Gandhi NREGA-യുടെ Schedule I Para 5-ൽ ഉൾപ്പെടുന്ന എല്ലാ കുടുംബാംഗങ്ങളും വ്യക്തിഗത ആനുകൂല്യങ്ങൾക്ക്അർഹരാണ്. LB സർക്കുലർ മാനദണ്ഡങ്ങൾ പാലിച്ച് ഇവരെ തെരഞ്ഞെടുക്കണം.

18. 100 ദിവസം കൈവരിച്ച തൊഴിലാളിയ്ക്ക് ആ വർഷം വ്യക്തിഗത ആസ്തി നൽകുമ്പോൾ unskilled work മറ്റു തൊഴിലാളികൾ ചെയ്യുന്നതിന് തടസ്സം ഉണ്ടോ?

a. നിയമപരമായും സാങ്കേതികപരമായും തടസ്സമുണ്ട്. ആയതിനാൽ വ്യക്തിഗത ആസ്തി അടുത്ത സാമ്പത്തിക വർഷത്തിൽ മുൻഗണനയോട് കൂടി നൽകണം.

19. കുളങ്ങളുടെ പുന:രുദ്ധാരണം വഴി ഭൂമിയിൽ ജലസംരക്ഷണം ഉറപ്പാക്കും എന്നതിനാൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കുളങ്ങളിലും പുന:രുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തുകൂടെ?

a. സ്വകാര്യ ഉടമസ്ഥതയിലുള്ള കുളങ്ങളിൽ പുന:രുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല.

20. വ്യക്തിഗത ആസ്തികൾ നിർമ്മിക്കുമ്പോൾ ഉടമസ്ഥൻ മസ്റ്റർ റോളിൽ ഉണ്ടാകണമെന്ന് നിർബന്ധമുണ്ടോ?

a. വ്യക്തിഗത ആസ്തികൾ നിർമ്മിക്കുമ്പോൾ ഉടമസ്ഥൻ മസ്റ്റർ റോളിൽ ഉണ്ടാകുകയും പ്രവൃത്തി ചെയ്യുകയും വേണം.

21. ജലസേചന കിണർ പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഇത്ര സെന്റ് ഭൂമി ഉണ്ടാകണം എന്ന പരിധിയുണ്ടോ?

a. നിലവിൽ പരിധി നിശ്ചയിച്ചിട്ടില്ല.

22. നെൽപാടങ്ങളിൽ ജലസേചനത്തിനായി കുളം നിർമ്മിക്കുന്ന പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുമോ?

a. പ്രത്യേക അനുമതി ആവശ്യമുള്ള ഭൂമികളിൽ ബന്ധപ്പെട്ട അനുമതി ലഭ്യമാക്കി വേണം നിർമ്മാണം നടത്താൻ.

23. ചെറുകിട നാമമത്ര കർഷകരുടെ ഭൂമിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ വി.ഇ.ഒ-യുടെ സാക്ഷ്യപത്രം ആവശ്യമുണ്ടോ?

a. വ്യക്തിഗത ആസ്തികൾ ലഭ്യമാക്കുന്ന പ്രവൃത്തികളിൽ വി.ഇ.ഒ-യുടെ സാക്ഷ്യപത്രം ആവശ്യമുണ്ട്.

24. തൊഴിൽ സുരക്ഷാ ഉപകരണ വിതരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക വകയിരുത്താനാവുമോ?

a. 01/03/2024-ലെ സ.ഉ.(സാധാ) നം.492/2024/LSGD പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രതിവർഷം 1,50,000 രൂപയും, ഗ്രാമ പഞ്ചായത്തുകൾക്ക് പ്രതിവർഷം 75,000 രൂപയും വകയിരുത്താം.

25. ഒരു ബ്ലോക്ക് പരിധിയിലെ ഏതെങ്കിലും ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരനായ ഓവർസിയർ/AITA പെട്ടന്ന് ലീവ് ആയാൽ പകരം കരാർ/ദിവസ വേതനത്തിന് നിയമനം നടത്തുന്നത് വരെ ബ്ലോക്ക് പരിധിയിലെ മറ്റൊരു ഗ്രാമ പഞ്ചായത്തിലെ ഓവർസിയർ/AITA-ക്ക് അധിക ചുമതല നൽകുവാൻ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നിയമ പരമായി അധികാരം ഉണ്ടോ? അതിനായി ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ? ജീവനക്കാരൻ ലീവിൽ പോകുന്ന ഗ്രാമ പഞ്ചായത്ത് പകരം സംവിധാനം ഒരുക്കുന്നതിന് നിലവിൽ ബ്ലോക്കിലേക്കാണ് കത്ത് നൽകുന്നത്.

a. നിയമപരമായ അവധികൾ മാത്രമേ കരാർ ജീവനക്കാർക്ക് അർഹതയുള്ളൂ. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം നിയമ പ്രകാരം BPO യ്ക്ക് ആയതിനാൽ ഇങ്ങനെ ജീവനക്കാർ അവധിയിൽ പോകുമ്പോൾ പകരം

സംവിധാനം ഉറപ്പ് വരുത്താൻ ഉള്ള ചുമതല ബി.പി.ഒ-യ്ക്ക് ഉണ്ട്.

26. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ നിന്നും ഗൃഹശ്രീ പദ്ധതിയിൽ ലഭിച്ച വീടിന് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിയുമോ?
    a. PMAY, സംസ്ഥാന സർക്കാർ ഭവന നിർമ്മാണ പദ്ധതി എന്നിവയ്ക്ക് മാത്രമാണ് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ.
27. മറ്റ് ക്ഷേമനിധികളിൽ അംഗമായിട്ടുള്ളവരെ തൊഴിലുറപ്പ് ക്ഷേമനിധിയിൽ ഉൾപ്പെടുത്താമോ?
    a. ഉൾപ്പെടുത്താം.
28. ഹരിത കർമ്മസേന അംഗത്തിന് മേറ്റ് ആകാൻ സാധിക്കുമോ?
    a. 09/02/2021-ലെ ഡി.ഡി.2/253/2020/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം, ജനപ്രതിനിധി, സി.ഡി.എസ് ചെയർപേർസൺ, ആശാവർക്കർ, അംഗനവാടി വർക്കർ, എസ്.സി/എസ്.റ്റി പ്രമോട്ടർമാർ, സാക്ഷരതാ പ്രേരക്മാർ, തുടങ്ങിയ മറ്റ് ചുമതലകൾ വഹിക്കുന്നവരെയാണ് മേറ്റ് ആകുന്നതിൽ നിന്നും ഒഴിവാക്കേണ്ടത് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ, ഹിരതകർമ്മസേന അംഗം എന്നത് മേറ്റ് ആകുന്നതിന് ഒരു അയോഗ്യത അല്ല. ടി അംഗം മാലിന്യ ശേഖരണത്തിൽ ഏർപ്പെടാത്ത ദിവസങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്യുന്നതിനോ മേറ്റ് ആകുന്നതിനോ തടസ്സമില്ല. എന്നാൽ ഒരേ ദിവസം രണ്ട് പ്രതിഫലം കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പ് വരുത്തണം.
29. അയ്യായിരം രൂപയ്ക്ക് താഴെയുള്ള വ്യക്തിഗത ആസ്തികൾ നിർമ്മിക്കുമ്പോൾ വരുന്ന ബില്ലുകൾക്ക് ജി.എസ്.ടി ഒഴിവാക്കി വാങ്ങുവാൻ സാധിക്കുമോ?
    a. വ്യക്തിഗത ആസ്തികൾക്കുള്ള മെറ്റീരിയൽ GST നമ്പർ ഉള്ള വെണ്ടറിൽ നിന്നും നിന്നും വാങ്ങണം എന്നാണ് കേന്ദ്ര സർക്കാൻ നിർദേശം.
30. PWD റോഡുകളുടെ അരികിൽ വൃക്ഷതൈ വച്ച് പിടിപ്പിക്കാമോ?
    a. റോഡുകളുടെ അരിക് ഉൾപ്പെടെ പൊതുഭൂമിയിൽ വൃക്ഷതൈ നട്ട് പിടിപ്പിക്കാം. മറ്റു വകുപ്പുകളുടെ ഭൂമിയിൽ ചെയ്യുമ്പോൾ അതാത് വകുപ്പുകളുടെ അനുമതി കൂടി ലഭ്യമാക്കുന്നത് അഭികാമ്യം ആകും.
31. അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാനിലെ പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് ചെയ്യുന്നതെങ്കിലും; ഓരോ പ്രവൃത്തിയും സാങ്കേതികാനുമതി ലഭിച്ച ശേഷം വീണ്ടും കമ്മിറ്റിയിൽ അംഗീകരിച്ച ശേഷം മാത്രമേ പ്രവൃത്തി ആംരഭിക്കാൻ കഴിയുന്നുള്ളൂ എന്നത് അത്യാവശ്യ ഘട്ടങ്ങളിൽ പ്രവൃത്തി കൊടുക്കാൻ തടസ്സം സൃഷ്ടിക്കുന്നു. ഇത് നിർബന്ധമാണോ?
    a. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കണം. ഭരണാനുമതി, സാങ്കേതികാനുമതി ലഭിച്ച പ്രവർത്തിക്ക് പിന്നെ അനുമതിയുടെ ആവശ്യമില്ല.
32. സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് മണൽ, മെറ്റൽ ഇനങ്ങൾക്ക് ജി.എസ്.ടി ബിൽ നിർബന്ധം ആകാതെ പറ്റുമോ?
    a. ജി.എസ്.ടി ഉള്ള ഇനങ്ങൾക്ക് ജിഎസ്.ടി ബിൽ നിർബന്ധമാണ്.
33. നിലവിൽ തൊഴലുറപ്പ് പദ്ധതി മുഖേന അല്ലാതെ തന്നെ ചെറിയ ആട്ടിൻകൂട് / കോഴിക്കൂട് etc. ഉള്ള ഗുണഭോക്താവിന് തൊഴലുറപ്പ് മുഖേന വീണ്ടും കൂട് കൊടുക്കുന്നതിന് സാധിക്കുമോ?
    a. നിലവിൽ ആസ്തിയുള്ളവർക്ക് ടി ആസ്തി നൽകാൻ സാധിക്കുകയില്ല.
34. ട്രെയിൻഡ് മേറ്റിന്റെ അഭാവത്തിൽ സൈറ്റിൽ വർക്കിംഗ് മേറ്റ് ആണ് ഉള്ളതെങ്കിൽ

മെഷർമെന്റ് ഫോം പൂരിപ്പിക്കുക എന്നത് നിർബന്ധമാണോ?

a. നിർബന്ധമല്ല.

35. ജോലി സ്ഥലത്തേക്ക് 5 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്യുന്ന തൊഴിലാളികൾക്ക് യാത്രാ അലവൻസ് നൽകാൻ കഴിയുമോ?

a. സാധിക്കുന്നതാണ്.

36. മത്സ്യകുളങ്ങൾ വ്യക്തികൾക്ക് നിർമ്മിച്ച് നൽകാൻ സാധിക്കുമോ?

a. ജലസേചന കുളം നൽകാൻ സാധിക്കും. ശേഷം ഗുണഭോക്താവിന് ജലസേചന കുളം സ്വന്തം ചിലവിൽ മത്സ്യകൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്.

37. സ്വകാര്യ ഭൂമിയിൽ മണ്ണ് – ജല സംരക്ഷണത്തിൻറെ ഭാഗമായി കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കുമോ?

a. മണ്ണിന്റെ ഘടന അനുസരിച്ച് ആവശ്യമുള്ള സ്ഥലങ്ങളിൽ കൊടുക്കാവുന്നതാണ്.

38. മസ്റ്റർറോളിൽ സെക്രട്ടറിയുടേയും ബി.പി.ഒ-യുടേയും ഒപ്പ് നിർബന്ധമുണ്ടോ?

a. ഫിസിക്കൽ മസ്റ്റർറോളിൽ സെക്രട്ടറിയുടേയും ബി.പി.ഒ-യുടേയും ഒപ്പ് വേണം.

39. Soak pit –ന് CIB slab-ന്റെ മുകളിൽ എഴുതാൻ സാധിക്കുമോ?

a. മുകളിലോ സമീപം ഉള്ള മതിലിലോ എഴുതാം

40. സ്വകാര്യ ഭൂമിയിൽ plantation പ്രവൃത്തികൾ നടത്തുമ്പോൾ ഗുണഭോക്താവിന് plants procure ചെയ്യാൻ സാധിക്കുമോ?

a. അർഹതപ്പെട്ട ഗുണഭോക്താവിന് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും അംഗീകൃത നിരക്കിൽ പ്രൊക്യൂർ ചെയ്യാം.

41. വ്യക്തിഗത ഗുണഭോക്താക്കൾക്ക് നഴ്സറി ഏറ്റെടുക്കാമോ? അതിൽ ഉത്പാദിപ്പിക്കുന്ന തൈകൾ അവർക്ക് നൽകാൻ സാധിക്കുമോ?

a. സാധിക്കുകയില്ല

42. എസ്.റ്റി കോളനിയുടെ സമഗ്ര വികസനത്തിൽ ഉൾപ്പെടുത്തി എസ്.റ്റി കോളനിയുടെ ചുറ്റുമതിൽ ഏറ്റെടുക്കാമോ?

a. സാധിക്കുകയില്ല. ചുറ്റുമതിൽ നിർമ്മാണം സർക്കാർ സ്കൂളുകൾക്കു മാത്രമേ സാധിക്കുകയുള്ളൂ.

43. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കളിസ്ഥലം ഒറ്റത്തവണ മാത്രമാണോ പദ്ധതി മുഖേന ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളു?

a. നിലവിൽ ഒരു ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം ഒറ്റത്തവണ മാത്രമേ പദ്ധതി മുഖേന ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളു.

44. വർക്ക് എൻട്രി ചെയ്യുന്ന സമയത്ത് ഇംഗ്ലീഷിൽ വർക്ക് നെയിം ടൈപ്പ് ചെയ്യുന്നതിൽ തെറ്റുണ്ടോ?

a. ഇല്ല.

45. നിലവിൽ മൺറോഡുകൾ ഏറ്റെടുക്കാൻ സാധിക്കുമോ?

a. ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരമുള്ള റോഡുകൾ ഏറ്റെടുക്കാം. ആയവ ചുവടെ ചേർക്കുന്നു.
    i. Construction of Bitumen Top Roads
    ii. Construction of Cement Concrete Roads
    iii. Construction of Gravel Roads
    iv. Construction of Inter-locking cement block/tiles Roads
    v. Construction of Kharanja (brick/stone) Roads
    vi. Construction of Mitti Murram Roads
    vii. Construction of WBM Roads

46. ഭാരത് നിർമ്മാൺ സേവ കേന്ദ്രങ്ങളുടെ നിർമ്മാണം നിലവിൽ ഏറ്റെടുക്കാമോ?
    a. നിലവിൽ അനുവദനീയമായ പ്രവൃത്തി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

47. എയ്ഡഡ് സ്കൂളിൽ ചുറ്റുമതിൽ നിർമ്മാണം സാധ്യമാണോ?
    a. സാധിക്കുകയില്ല.

48. എയ്ഡഡ് സ്കൂളിന് കമ്പോസ്റ്റ് പിറ്റ്/ സോക്ക്പിറ്റ് എന്നിവ നിർമ്മിച്ച് നൽകാമോ?
    a. സാധിക്കുകയില്ല.